പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3576 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.റ്റി.സി യിൽ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാണി.സി.കാപ്പൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി യിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനും, ഫലപ്രദമായി സർവ്വീസുകൾ നടത്തുന്നതിനും, വരുമാന ചോർച്ച തടയുന്നതിനും സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.പി.എസ്, വി.റ്റി.എസ്, ഓൺലൈൻ റിസർവേഷൻ, പി.ഐ.എസ്, ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ മോഡ്യൂൾ, ഇ.ആർ.പി (Accounting software) എന്നിവയെല്ലാം കൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിന് വിശദമായ ഒരു DPR തയ്യാറാക്കുന്നതിനായി M/s. PWC, M/s. Tata Consultancy Services Pvt. Ltd. എന്നിവരുമായി ചർച്ച നടത്തിവരുന്നു. മാത്രമല്ല കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ HR, Payroll എന്നിവ കമ്പ്യൂട്ടർവത്ക്കരിച്ചതായി അറിഞ്ഞതിനെ തുടർന്ന്, അവരിൽ നിന്നും ടി സംവിധാനം കെ.എസ്.ആർ.ടി.സി. യിൽ നടപ്പിലാക്കുവാൻ ആവശ്യമായ സോഫ്റ്റ് വെയർ നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട് വിവിധ കാരണങ്ങളാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കാതെവന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി സ്വന്തമായി ഒരു പദ്ധതി തയ്യാറാക്കി ടെണ്ടർ വിളിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ബി) | ആയതിലേയ്ക്ക് ഓരോ സാമ്പത്തിക വർഷവും തുക അനുവദിക്കാറുണ്ടോ യെന്നും എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (ബി) | പ്ലാൻ ഫണ്ടിൽ വകയിരുത്തി 'ടോട്ടൽ കമ്പ്യൂട്ടറൈസേഷൻ & ഇ-ഗവേണൻസ് ഇൻ കെ.എസ്.ആർ.ടി.സി.' എന്ന ശീർഷകത്തിൽ 2016-17-ൽ 11 കോടി രൂപയും 2017-18-ൽ 4.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ ലഭ്യമായ തുക പ്രധാനമായും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷ്യന്റെ റിക്കറിംഗ് ചാർജ്ജിനുമായാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**